## കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി - പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ട ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 342/12/തസ്വഭവ തിരുവനന്തപുരം, തീയതി.22.12.2012.

---

**പരാമർശം:-(1) സ.ഉ (എം.എസ്)നമ്പർ 225/2012/തസ്വഭവ തീയതി 18.08.2012**

**(2)സ.ഉ(എം.എസ്)നമ്പർ 285/2012/തസ്വഭവ തീയതി 05.11.12**

**(3)തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.11.2012-ലെ ഡിബി-1/1559/2010/സിഇ/തസ്വഭവ നമ്പർ കത്ത്.**

**(4)13.12.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 3.7**

## ഉത്തരവ്

സൂചന (2) ലെ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടെയും പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സൂചന (3) ലെ കത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതിൻ പ്രകാരം സൂചന (4) ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് താഴെപ്പറയുന്നു ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1) ഗ്രാമപഞ്ചായത്തുകൾ | അതാത് ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2) അസിസ്റ്റന്റ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയർമാരായ മുനിസിപ്പാലിറ്റികൾ | ഏറ്റവും അടുത്തുള്ള ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3) ബ്ളോക്ക് പഞ്ചായത്തുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയർമാരായ മുനിസിപ്പാലിറ്റികളും | അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | |
|---|---|
| 4) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലാ പഞ്ചായത്തുകൾ ടി ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയർമാരായ മുനിസിപ്പാലിറ്റികൾ | സൂപ്രണ്ടിംഗ് എഞ്ചിനീയർ (ദക്ഷിണ മേഖല), ടി തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം |
| 5) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകൾ, ടി ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ എഞ്ചിനീയർമാരായ മുനിസിപ്പാലിറ്റികൾ | സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഉത്തരമേഖല) തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് |
| 6) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ | ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ